/ഭരണഭാഷ മാതൃഭാഷ/

വേലൂർ ഗ്രാമപഞ്ചായത്ത്
ISO 9001 : 2015
പി.ഒ.വേലൂർ തൃശ്ശൂർ þ 680601
www.lsgkerala.in/velurpanchayat , e-mail : velurgptsr@gmail.com, **ഫോൺ : 04885 285431**

7461162-2026 തിയ്യതി: 15/10/2026

ക്വട്ടേഷൻ പരസ്യം

വേലൂർ ഗ്രാമപഞ്ചായത്തിലെ വെള്ളാറ്റഞ്ഞൂർ 86-)0 നമ്പർ അംഗൻവാടി കോമ്പൗണ്ടിൽ മുറിച്ചിട്ട തേക്ക് മരത്തിൻറെ തടി കഷ്ണങ്ങൾ നിലവിലുള്ള അവസ്ഥയിൽ വില്ക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ മുദ്രവെച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.മറ്റ് സർക്കാർ ക്വട്ടേഷനുകൾ/ലേലങ്ങൾക്കുള്ള നിബന്ധനകൾ ഈ ക്വട്ടേഷനും ബാധകമായിരിയ്ക്കുന്നതാണ്. സ്വീകാര്യമായ ക്വട്ടേഷനുകളിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിക്കുന്നതാണ്. പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തിനുശേഷം 18% ജി എസ് ടി യും 5 % ഫോറസ്റ്റ് ഡെവലപ്പ്മെൻറ് ടാക്സും ഉൾപ്പടെയുള്ള തുക പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണ്. എന്നാൽ, ക്വട്ടേഷൻ സ്വീകരിക്കുന്നതും നിരസിക്കുന്നതും ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും. യാതൊരു കാരണവും വ്യക്തമാക്കാതെ എല്ലാ ക്വട്ടേഷനുകളും നിരസിക്കുന്നതിനുള്ള അധികാരം സ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.താൽപ്പര്യമുള്ളവർക്ക് തടി കഷ്ണങ്ങൾ നേരിൽ പരിശോധിക്കുന്നതിനായി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 AM മുതൽ വൈകുന്നേരം 3 PM വരെ വെള്ളാറ്റഞ്ഞൂർ 86-)0 നമ്പർ അംഗൻവാടി സന്ദർശിക്കാവുന്നതാണ്.

വാല്വേഷൻ തുക- തടിയുടെ വില =43849/- രൂപ

മരങ്ങളുടെ വിവരം- തേക്ക് മരത്തിൻറെ കഷ്ണങ്ങൾ

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയ്യതി 30/10/2026 3.00 PM മണി വരെ ആണ്.

ക്വട്ടേഷൻ നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് തേക്ക് മരത്തിന്റെ തടി കഷണങ്ങൾ നേരിട്ട് പരിശോധിച്ച് അവയുടെ അളവ്, വലുപ്പം, എണ്ണം, ഗുണനിലവാരം എന്നിവ ബോധ്യപ്പെടേണ്ടതാണ്.
2. ക്വട്ടേഷനിൽ തടി കഷണങ്ങൾക്കുള്ള ആകെ വില അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
3. ക്വട്ടേഷൻ സമർപ്പിക്കുന്നവർ അവരുടെ പൂർണമായ പേര്, വിലാസം, ഫോൺ നമ്പർ, ഒപ്പ് എന്നിവ രേഖപ്പെടുത്തണം.
4. ക്വട്ടേഷൻ കവറിനു പുറത്ത് 'തേക്ക് മരത്തിന്റെ തടി കഷണങ്ങൾ വാങ്ങുന്നതിനുള്ള കൊട്ടേഷൻ' എന്ന് രേഖപ്പെടുത്തേണ്ടതാണ്.
5. ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട വ്യക്തി അറിയിപ്പ് ലഭിച്ച തിയ്യതി മുതൽ 10 ദിവസത്തിനകം മുഴുവൻ തുകയും അടയ്ക്കേണ്ടതാണ്. തുക പൂർണമായി അടച്ചതിനുശേഷം മാത്രമേ തടി കഷണങ്ങൾ സ്ഥാപനത്തിന്റെ പരിസരത്തുനിന്ന് നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.
6. തടി കഷണങ്ങൾ മുറിച്ചുമാറ്റുന്നതിനും കയറ്റുന്നതിനും കൊണ്ടുപോകുന്നതിനും ആവശ്യമായ തൊഴിലാളികൾ, വാഹനങ്ങൾ, മറ്റ് ചെലവുകൾ എന്നിവ ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട വ്യക്തി വഹിക്കേണ്ടതാണ്.
7. തടി കഷണങ്ങൾ നീക്കം ചെയ്യുന്നതിനിടെ അംഗൻവാടി കെട്ടിടത്തിനോ മറ്റ് സ്വത്തുക്കൾക്കോ കേടുപാടുകൾ സംഭവിച്ചാൽ അതിന്റെ നഷ്ടപരിഹാരം ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട വ്യക്തി നൽകേണ്ടതാണ്.
8. ബാധകമായ നികുതികളും മറ്റ് നിയമാനുസൃത ഫീസുകളും കൊട്ടേഷൻ അംഗീകരിക്കപ്പെട്ട വ്യക്തി അടയ്ക്കേണ്ടതാണ്.
9. അപൂർണമായതോ നിബന്ധനകൾ പാലിക്കാത്തതോ ആയ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്
10. തേക്ക് തടികൾ കൊണ്ടുപോകുന്നതിന് ആവശ്യമായ സർക്കാർ അനുമതി ഫോറസ്റ്റ് ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്

സെക്രട്ടറി
Secretary
Velur Grama Panchayath
വേളൂർ ഗ്രാമപഞ്ചായത്ത്

നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരക്കുന്നതിന്

അസി.എഞ്ചിനീയർ

LI & EWD വേലൂർ

കൃഷി ഓഫീസർ

കൃഷി ഭവൻ, വേലൂർ

വില്ലേജ് ഫീസർ

വില്ലേജ് ഓഫീസ്, വെള്ളാറ്റഞ്ഞൂർ, വേലൂർ

സെക്രട്ടറി,

സർവ്വീസ് സഹകരണ ബാങ്ക് (വേലൂർ, വെള്ളാറ്റഞ്ഞൂർ, തയ്യൂർ ബ്രാഞ്ച്)

വെറ്റിനറി സർജൻ

വെറ്റിനറി ഡിസ്പെൻസറി, വേലൂർ

വെള്ളാറ്റഞ്ഞൂർ 86-)0 നമ്പർ അംഗൻവാടി

വേലൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം